# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2960** **11.12.2014 ൽ മറുപടിക്ക്**

**സംസ്ഥാന സ്കൂൾ കലോൽസവ സംഘാടക സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എം.ഉമ്മർ മാസ്റ്റർ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സ്കൂൾ കലോൽസവ സംഘാടക സമിതിയിൽ ഏതെല്ലാം സംഘടനാ പ്രതിനിധി കളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കലോൽസവ സംഘാടക സമിതിയിൽ ബഹു.ഗവർണർ, മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ജില്ലയിലെ മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, പൗരപ്രമുഖർ, സാംസ്കാരിക നായകൻമാർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ടീയപാർട്ടികളുടെ നേതാക്കൾ, അംഗീകൃത അദ്ധ്യാപക സംഘടന നേതാക്കൾ തുടങ്ങി കലോൽസവം നടക്കുന്ന ജില്ലയിലെ പ്രധാനപ്പെട്ട എല്ലാപേരേയും ഉൾപ്പെടുത്താറുണ്ട്. |
| (ബി) | മാനുവൽ പരിഷ്കരണത്തിൽ അംഗീകൃത അനധ്യാപക സംഘടനകളെ ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളെ ഒരുമിപ്പിച്ചു കൊണ്ട് സംയുക്തമായി കലോൽസവം നടത്തുന്നതിന് വേണ്ടി സ്കൂൾ കലോൽസവ മാനുവൽ 2008-ൽ പരിഷ്കരിച്ചപ്പോൾ സ്കൂൾ കലോൽസവം അക്കാദമിക് വിഭാഗത്തിൽപ്പെട്ടതാകയാൽ അംഗീകൃത അനധ്യാപക സംഘടനകൾ സബ് കമ്മിറ്റികളിൽ നിന്നും വിട്ടുപോകുകയാണ് ഉണ്ടായത്. |
| (സി) | അംഗീകൃത അനധ്യാപക സംഘടന പ്രതിനിധികളെ സംഘാടക സമിതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | അംഗീകൃത അനധ്യാപക സംഘടന പ്രതിനിധികളെ അടുത്ത കലോൽസവ മാനുവൽ പരിഷ്കരണ വേളയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ